# തിരുസഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷൻ – 2

ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ

തിരുസഭയിലെല്ലാവരും തുല്യമഹത്ത്വമുള്ളവരാണെന്നും ഇടയ ന്മാരും അജപാലകരും അല് മായരും തമ്മിൽ സഹോദര തുല്യമായ ബന്ധം വേണമെന്നും കൗൺസിൽ പഠിപ്പിക്കുന്നു. ആത്മീയ സമത്വം രണ്ടാം വത്തിക്കാൻസൂനഹദോസിന്റെ വിപ്ലവാത്മകമായ ഒരു പ്രബോധനമാണ്. iv) കൂട്ടായ്മയുടെ സഭാവിജ്ഞാനീയം: രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭാവിജ്ഞാനീയ ത്തിലെ പ്രധാന കാഴ്ചപ്പാടായ കൂട്ടായ്മയുടെ അടിസ്ഥാനദർശനം ഈ പ്രമാണരേഖയും നൽകുന്നുണ്ട്. 'ദൈവപരിപാലനയുടെ ക്രമീകരണം വഴി ശ്ലീഹന്മാരും അനന്തരഗാമികളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച വിവിധ സഭകൾ കാലക്രമത്തിൽ സജീവമായ ഐക്യത്തിൽ വർത്തിക്കുവാൻ തുടങ്ങി. വിശ്വാസ ഐക്യവും സാർവ്വത്രിക സഭയുടെ ദൈവികമായ ഘടനാവിശേഷവും നിലനിർത്തിക്കൊണ്ടുപോകുന്ന പ്രസ്തുത സഭാസമൂഹങ്ങൾ സ്വന്തമായ ശിക്ഷണക്രമത്താലും ആരാധനാവിധികളാലും ദൈവശാസ്ത്രപരവും ആധ്യാത്മികവുമായ പിതൃധനത്താലും അലംകൃതങ്ങളത്രെ. ഈ പ്രാദേശിക സഭകളിൽ നിലവിലിരിക്കുന്ന ഏകോന്മുഖമായ വൈവിധ്യം അവിഭക്തമായ തിരുസഭയുടെ കാതോലിക സ്വഭാവത്തിന് പ്രകടമായ തെളിവാണ്.' (n.23). സാർവ്വത്രിക സഭയിലെ വിവിധ സഭകളുടെ വൈവിധ്യവും കൂട്ടായ്മയും സഭയുടെ കാതോലികതയ്ക്ക് അലങ്കാരമാണ്. ഇപ്പോൾ കത്തോലിക്കാ സഭയിൽ ആറ് സഭാകുടുംബങ്ങളിലായി 23 സ്വയാധികാരസഭകൾ (Churches Sui Iuris) ഉണ്ട് (Annuario Pontificio, 2012). V) അല ്മായരുടെ ഔന്നത്യം: സഭയിലെ ശുശ്രൂഷാസ്ഥാനക്രമത്തെക്കുറിച്ച ് പറഞ്ഞയുടനെ കൗൺസിൽ എടുത്തു കാണിക്കുന്നത് അല്മായരുടെ ഔന്നത്യവും ശ്രേഷ ്ഠതയുമാണ ്. തിരുപ്പട്ടം സ്വീകരിക്കാത്തവരോ സഭ അംഗീകരിച്ചിട്ടുള്ള സന്ന്യാസസമൂഹങ്ങളിൽ പെടാത്തവരോ ആയ എല്ലാ വിശ്വാസികളെയുമാണ് അല്മായർ എന്നതുകൊണ്ട് കൗൺസിൽ വിവക്ഷിക്കുന്നത് (n.31). മാമ്മോദീസാവഴി ഇവർ മിശിഹായോട് ചേർന്ന് ഒരു ശരീരവും ഒരു ദൈവജനവുമായിത്തീരുകയും മിശിഹായുടെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും പങ്കുചേരുകയും ചെയ്യുന്നു. തിരുസഭയിലെല്ലാവരും തുല്യമഹത്ത്വമുള്ളവരാണെന്നും ഇടയന്മാരും അജപാലകരും അല്മായരും തമ്മിൽ സഹോദരതുല്യമായ ബന്ധം വേണമെന്നും കൗൺസിൽ പഠിപ്പിക്കുന്നു (nos.32-38). 1) സഭയിലെല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു: ആത്മീയസമത്വം രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ വിപ്ലവാത്മകമായ ഒരു പ്രബോധനമാണ്. വിവിധങ്ങളായ ജീവിതാവസ്ഥകളിലൂടെയും ശുശ്രൂഷകളിലൂടെയും ഒരേ ഒരു

വിശുദ്ധിയാണ് ലക്ഷ്യമാക്കുന്നത് (n.41). മെത്രാന്മാരും വൈദികരും ഡീക്കന്മാരും വൈദികവിദ്യാർത്ഥികളും അല്മായരും സന്ന്യസ്തരും ദൈവസ്നേഹം, പരസ്നേഹം, കൗദാശികജീവിതം, രക്തസാക്ഷിത്വം, വ്രതത്രയം, ജീവിതസാക്ഷ്യം തുടങ്ങിയവവഴി വിശുദ്ധി പ്രാപിക്കാൻ ക്ഷണിക്കപ്പെടുന്നു. 'നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണ്ണരായിരിക്കുവിൻ' (മത്താ;5,48) എന്ന ദിവ്യോപദേശമാണ് നമ്മുടെ ലക്ഷ്യം. 2) സന്ന്യാസ സമർപ്പണത്തിന്റെ മഹനീയത: സന്ന്യാസ സമർപ്പണം തിരുസഭയിലെ ശുശ്രൂഷാഹയരാർക്കിയുടെയും അല്മായജീവിതത്തിന്റെയും ഇടയ്ക്കു സ്ഥിതി ചെയ്യുന്ന ഒരു ജീവിതാവസ്ഥയല്ല, മറിച്ച് സവിശേഷമായ ഒരു ദൈവവിളിയാണെന്ന് കൗൺസിൽ പിതാക്കന്മാർ പഠിപ്പിക്കുന്നു. വ്രതത്രയത്തിലൂടെ ദൈവത്തിന് സമ്പൂർണ്ണമായി ആത്മാർപ്പണം ചെയ്യുകയും അതുവഴി സന്ന്യസ്തർ തിരുസഭയോടും അവളുടെ പാവനരഹസ്യങ്ങളോടും പ്രത്യേകമാം വിധം യോജിക്കുകയും ചെയ്യുന്നു. ഈശോയെ വിശ്വാസികൾക്കും അവിശ്വാസികൾക്കും തങ്ങളുടെ ജീവിതം വഴി വെളിപ്പെടുത്തുവാൻ സന്ന്യസ്തർ ജാഗരൂകരായിരിക്കണമെന്നും അവരും തിരുസഭാധികാരത്തിന് കീഴ്പ്പെട്ടവരാണെന്നും പ്രമാണരേഖ ഓർമ്മിപ്പിക്കുന്നു (nos.43-47). 3) തീർത്ഥാടക സഭയ്ക്ക് പരി. അമ്മ സജീവ മാതൃക: സ്വർഗ്ഗത്തെ ലക്ഷ്യമാക്കി തീർത്ഥാടനം ചെയ്യുന്ന ഒരു സമൂഹമാണ് സഭയെന്ന വീക്ഷണം വിശ്വാസജീവിതത്തിന്റെ യുഗാന്ത്യോന്മുഖഭാവത്തെ നന്നായി വിശദീകരിക്കുന്നുണ്ട്. തീർത്ഥാടക സഭയുടെ പ്രതീകം വിശുദ്ധരുടെ കൂട്ടായ്മയെക്കുറിച്ചും (സ്വർഗ്ഗത്തിൽ മകുടം ചൂടിയ സഭ, ശുദ്ധീകരണസ്ഥലത്തിൽ വേദനയനുഭവിക്കുന്ന സഭ, ഭൂമിയിൽ വിശ്വാസജീവിതം നയിക്കുന്ന സഭ) വിശുദ്ധരോടുള്ള വണക്കത്തെക്കുറിച്ചും മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനെക്കുറിച്ചും ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു (nos 4851). തീർത്ഥാടകയായ സഭയ്ക്ക് ഉത്തമ മാതൃകയായ പരി. മറിയത്തിന്റെ ജീവിതവും മാതൃകയും മാദ്ധ്യസ്ഥ്യവും നന്നായി വിശദീകരിച്ചുകൊണ്ടാണ് പ്രമാണരേഖ സമാപിക്കുന്നത്. പരി. അമ്മ രക്ഷിക്കപ്പെട്ടവളെന്ന നിലയിൽ സഭയിലെ അംഗവും എന്നാൽ പരമമായ ജീവിതസമർപ്പണത്തിലൂടെ അവൾ സഭയ്ക്ക് മാതൃകയുമാണ്. പരിത്രാണപദ്ധതിയിൽ മഹനീയമായ സ്ഥാനം അവൾക്കുണ്ട്. അതിനാൽ അവൾ സവിശേഷമായ വണക്കത്തിന് അർഹയാണ്. കൂടാതെ മഹത്ത്വീകൃതയായ അമ്മ ലോകാവസാനത്തിൽ പൂർത്തിയാകാനിരിക്കുന്ന സഭയുടെ പ്രതിച്ഛായയും സുനിശ്ചിതമായ പ്രതീക്ഷയുടെ അടയാളവുമാണ് (n.68) രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സഭാവിജ്ഞാനീയത്തിന് മാർഗ്ഗരേഖയാണ് ഈ പ്രമാണരേഖ. ഏകവും പരിശുദ്ധവും ശ്ലൈഹികവും കാതോലികവുമായ തിരുസഭയെ കൂടുതൽ സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനും ഈ ചിന്തകൾ നമ്മെ പ്രചോദിപ്പിക്കട്ടെ.